(ബി) ഈ തുക എവിടെയാണ് നിക്ഷേപിച്ചിരിക്കുന്നത് ;

(സി) ഇതിൽ നിന്ന് ഇതുവരെ എന്തു തുക ചെലവായി ;

(ഡി) ഏതെല്ലാം പദ്ധതികൾക്കാണ് ഈ തുക ചെലവായത് ?

ഉത്തരം

(എ-ഡി) ഈ പദ്ധതിക്ക് വായ്പയൊന്നും ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ലോകബാങ്കുമായി ഒപ്പുവച്ച കരാറിന്റെ അടിസ്ഥാനത്തിൽ 2001-2006-ൽ കാലയളവിൽ സംസ്ഥാന സർക്കാരിന് ഏകദേശം 65.5 മില്യൺ (ഏകദേശം 300 കോടി രൂപ) അമേരിക്കൻ ഡോളർ ധനസഹായമായി ലഭിക്കുന്നതാണ്.

ലോകബാങ്കിന്റെ സഹായത്തോടുകൂടി ശുദ്ധജലവിതരണ പദ്ധതി

57 (282) ശ്രീ. എ. കെ. മണി :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്കിന്റെ സഹായത്തോടുകൂടി സംസ്ഥാനത്ത് ശുദ്ധജല വിതരണ പദ്ധതി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിലേക്കായുള്ള ചർച്ചയിൽ സംസ്ഥാനത്തേയും ലോകബാങ്കിനേയും പ്രതിനിധീകരിച്ചത് ആരെല്ലാം ;

(സി) ലോകബാങ്കിൽ നിന്നും എത്ര തുക ശുദ്ധജലവിതരണ പദ്ധതികൾക്ക് ലഭിക്കും ;

(ഡി) ലോകബാങ്ക് സഹായം ലഭിക്കുന്നതിനായി കർഷകർക്കുള്ള സബ്സിഡി, വൈദ്യുതി സബ്സിഡി, കുടിവെള്ളത്തിന് നൽകുന്ന സബ്സിഡി എന്നിവ നിർത്തലാക്കാമെന്ന് ലോകബാങ്കുമായി കരാർ ചെയ്തിട്ടുണ്ടോ ;

(ഇ) എങ്കിൽ ഈ സബ്സിഡികളും സൗജന്യങ്ങളും നിർത്തലാക്കുന്നത് എത്രപേരെ പ്രതികൂലമായി ബാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ലോകബാങ്കിന്റെ സഹായത്തോടുകൂടി തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ 80-100 ഗ്രാമപഞ്ചായത്തുകളിൽ ശുദ്ധജലവിതരണ പദ്ധതികൾ പൊതുജനപങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ചത് ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ജലസേചന-ജലവിതരണ സെക്രട്ടറി, കേരള റൂറൽ വാട്ടർ സാനിറ്റേഷൻ ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവരും ലോകബാങ്ക് പ്രതിനിധീകരിച്ചത് അവരുടെ സീനിയർ സാനിറ്ററി എഞ്ചിനീയറുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 65.5 മില്യൺ അമേരിക്കൻ ഡോളർ.

(ഡി&ഇ) ഇല്ല.

ജപ്പാൻ സഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന കുടിവെള്ളവിതരണ പദ്ധതി

58 (283) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജപ്പാൻ സഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന കുടിവെള്ളവിതരണ പദ്ധതിയുടെ നടത്തിപ്പ് ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉപദേഷ്ട സ്ഥാപനത്തെ നിശ്ചയിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ എന്തെല്ലാം നടപടികളെന്നു വെളിപ്പെടുത്തുമോ ;

(സി) ജപ്പാൻ സഹായ കുടിവെള്ളപദ്ധതിയുടെ ഡിസൈൻ, ചെലവ്, കുടിവെള്ളത്തിന്റെ വില എന്നിവ സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തിന്റെ പൊതുതാല്പര്യം മുൻനിർത്തി ജപ്പാൻ സഹായ കുടിവെള്ള വിതരണ പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജെ.ബി.ഐ.സി. (മുൻ ഒ.ഇ.സി.എഫ്) സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ശുദ്ധജലവിതരണ പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചു വരുന്നു. ഒരു പദ്ധതിയുടെ (മീനാടും, സമീപ ഗ്രാമങ്ങളും) ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പൂർത്തീകരിച്ചു. രണ്ടു പദ്ധതികളുടെ (തിരുവനന്തപുരം നഗരവും പ്രാന്തപ്രദേശവും ചേർത്തലയും സമീപ ഗ്രാമങ്ങളും) ഭൂമി ഏറ്റെടുക്കുന്ന ജോലികൾ അവസാനഘട്ടത്തിലാണ്. ശേഷിക്കുന്ന കോഴിക്കോട് നഗരവും പ്രാന്തപ്രദേശവും പട്ടുവവും സമീപഗ്രാമങ്ങളും എന്നീ പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്. ജെ.ബി.ഐ.സി.യും കേന്ദ്ര സർക്കാരും തമ്മിൽ ഒപ്പുവച്ച കരാർ അനുസരിച്ച് പദ്ധതിയുടെ നടത്തിപ്പിന് കൺസൾട്ടന്റിനെ നിയമിക്കേണ്ടതുണ്ട്. കൺസൾട്ടന്റിന്റെ നിയമനം പൂർത്തീകരിക്കാത്തതിനാൽ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly